**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരിസ്ഥിതി ലോല പ്രദേശങ്ങളിലൂടെയല്ല നിർദ്ദിഷ്ട സിൽവർ ലൈൻ കടന്നുപോകുന്നതെന്നത് വസ്തുതാപരമാണോ; | (എ) | പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയോ വന്യജീവി മേഖലകളിലൂടെയോ പാത കടന്നുപോവുന്നില്ല. പുഴകളുടേയും, അരുവികളുടേയും ഒഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. നെൽപ്പാടങ്ങളിലും തണ്ണീർത്തടങ്ങളിലുമായി 88 കിലോമീറ്റർ പാത തൂണുകളിലൂടെയാണ് പോകുന്നത്. സമ്പൂർണ പരിസ്ഥിതി സൗഹൃദ ഹരിത പദ്ധതിയാണിത്. |
| (ബി) | പദ്ധതിയുടെ അലൈന്മെന്റിൽ ഉൾപ്പെട്ട മാടായിപ്പാറ, കടലുണ്ടി, പൊന്നാനി, തിരുനാവായ എന്നീ വില്ലേജുകളിലൂടെ സിൽവർ ലൈൻ കടന്നുപോകുന്നുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പരിസ്ഥിതിലോല പ്രദേശമായ മാടായിപ്പാറയിൽ കെ-റെയിൽ കല്ല് സ്ഥാപിച്ചത് എന്തിനായിരുന്നുവെന്ന് വിശദമാക്കാമോ; | (സി) | പരിസ്ഥിതി ആഘാത പഠനം അനുസരിച്ച് ഭൂരിഭാഗവും പരിസ്ഥിതി ലോല പ്രദേശങ്ങളെ ഒഴിവാക്കിയാണ് നിലവിൽ കല്ലുകൾ സ്ഥാപിച്ചു വരുന്നത് 2013 RFCTLARR ആക്റ്റ് പ്രകാരമുള്ള സാമൂഹികാഘാത പഠനം നടത്തുന്നതിനു വേണ്ടിയാണിത്. പദ്ധതി ആരെയൊക്കെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിന് വേണ്ടി പഠനം നടത്തുന്നതിനായാണ് അലൈൻമെന്റ് കടന്നു പോകുന്ന ഭാഗങ്ങളിൽ കല്ലിട്ട് സ്ഥലം അടയാളപ്പെടുത്തുന്നത്. ഇങ്ങനെ പദ്ധതി ബാധിക്കുന്നവർക്ക് പഠനം നടത്തുന്ന ഏജൻസിയെ സമീപിക്കാനും അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും തുടർന്ന് അത് പരിഹരിക്കാനും സാധിക്കും. നിശ്ചയിച്ച അലൈൻമെന്റിന്റെ ഭാഗമായാണ് ഇപ്പോൾ കല്ലിടൽ നടന്നുകൊണ്ടിരിക്കുന്നത്. |
| (ഡി) | സിൽവർ ലൈൻ പാതയുടെ മുപ്പത് മീറ്റർ | (ഡി) | സിൽവർലൈൻ പാതയുടെ മുപ്പത് മീറ്റർ പരിസരത്ത് |

| | | | |
|---|---|---|---|
| | പരിസരത്ത് ഒരു തരത്തിലുമുള്ള നിർമ്മാണം അനുവദിക്കില്ല എന്ന് ഡി.പി.ആർ. ൽ പറയുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | | ഒരു തരത്തിലുമുള്ള നിർമ്മാണം അനുവദിക്കില്ല. എന്ന് ഡി.പി.ആറിൽ പ്രതിപാദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ